# ചക്കുപള്ളം ഗ്രാമപഞ്ചായത്ത്

## പതിനാലാം പഞ്ചവത്സര പദ്ധതി

## *2026-27 വാർഷിക പദ്ധതി*

# പരിഷ്കരിച്ച അന്തിമ പദ്ധതി രേഖ

# ആമുഖം

മാന്യരേ,

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ നാലാം വർഷവും നാം പിന്നിട്ടു. ജനകീയസൂത്രണ പദ്ധതിയുടെ പ്രാരംഭകാലഘട്ടമെന്ന നിലയിൽ 1997 കാലഘട്ടത്തിൽ വൻ ജനപങ്കാളിത്തത്തോടെ ഗ്രാമസഭകൾ ചേർന്ന് ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ നടത്തി തുടർന്നുള്ള കാലഘട്ടങ്ങളിൽ പഞ്ചായത്തിൽ നടത്തേണ്ടവികസന പ്രവർത്തനങ്ങളുടെ രൂപരേഖ നാം തയ്യാറാക്കിയിരുന്നു. ജനകീയാസൂത്രണ പദ്ധതിയുടെ കഴിഞ്ഞ കാലഘട്ടത്തിലെ പ്രവർത്തനങ്ങൾ നാം വിലയിരുത്തുമ്പോൾ അടിസ്ഥാന സൌകര്യ വികസനത്തിലും, ജനങ്ങളുടെ ജീവിത നിലാവരത്തിലും തൊഴിൽ സാമൂഹിക സാമ്പത്തിക ചുറ്റപാടുകളിലും വളരെയേറെ പുരോഗതി കൈവരിക്കുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ മാറിവരുന്ന സംസ്ഥാന സർക്കാരുകൾ സംസ്ഥാന ബഡ്ജറ്റിൻറെ വലിയൊരു വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും പ്രസ്തുത തുക ജനപങ്കാളിത്തത്തോടെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും പ്രയോജനപ്രദമായ രീതിയിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ കൈകാര്യം ചെയ്യുന്നതുവഴിയാണ് ഈ നേട്ടം നമുക്ക് കൈവരിക്കുന്നതിന് സാധിച്ചിട്ടുള്ളത്.

ഒരു നാടിൻറെ വികസനം എന്ന് പറയുമ്പോൾ പലപ്പോഴും ആ പ്രദേശത്തെ അടിസ്ഥാനസൌകര്യങ്ങളെയും ഭൌതീക സാഹചര്യങ്ങളെയും മാത്രം ആശ്രയിച്ചാണ് വിലയിരുത്തപ്പെടുന്നത്. ഇവിടെ സമ്പന്നരും പാവപ്പെട്ടവരും തമ്മിലുള്ള അന്തരം നാം പലപ്പോഴും വിസ്മരിക്കുന്നു. അതുപോലെതന്നെ നമ്മുടെ നാട്ടിൽ നടക്കുന്ന വികസനപ്രവർത്തനങ്ങൾ പ്രകൃതിയ്ക്ക് ദോഷം വരുത്തുന്നവയാണോയെന്നും നാം ചിന്തിക്കേണ്ടതുണ്ട്.

അടിസ്ഥാന സൌകര്യ വികസനത്തിൽ മാത്രം ഒതുങ്ങാതെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമുതകുന്ന പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാണ് നാം പ്രഥമ പരിഗണന നല്കേണ്ടത്. ഉത്പാദന മേഖലയിൽ കൂടുതൽ തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനും നമ്മുടെ നാട്ടിൽ ലഭ്യമാകുന്ന വിഭവങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി വിപണിയിൽ എത്തിക്കുന്നതിനും നാം പരിഹണന നല്കേണ്ടതുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് കാലാവസ്ഥവ്യതിയാനം. അതുമൂലമുണ്ടായിട്ടുള്ള ദുരന്തങ്ങൾ നാമോക്കെ അഭിമുഖീകരിച്ചിട്ടുള്ളതാണ്. ആയതിനാൽ കാലാവസ്ഥ വ്യതിയാനവും അതുമൂലം ഉണ്ടാകാനിടയുള്ള ദുരന്തങ്ങളും അഭിമുഖീകരിക്കുന്നതിനുതകുന്ന പദ്ധതികൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നത് അനിവാര്യമാണ്. അത്തരം പദ്ധതികൾ ഏറ്റെടുക്കുന്നതിന് നാം പരിഗണന നല്കിയിട്ടുണ്ട്.

ശുചിത്വം മാലിന്യ സംസ്കരണം എന്നീ മേഖലയിൽ നമുക്ക് വളരെയേറെ പുരോഗതി കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ വളരെയേറെ പ്രശംസനീയമാണ്. അതുപോലെ തന്നെ ചിറ്റാംപാറ കേന്ദ്രീകരിച്ച് നടപ്പിലാക്കിവരുന്ന ജൈവമാലിന്യ സംസ്കരണം നാടിന് വളരെയോറെ പ്രയോജനപ്രദമാണ്. ചിറ്റാപാറയിൽ ശുചിത്വമിഷൻ ധനസഹായം കൂടി ഉൾപ്പെടുത്തി എം സി എഫ് കെട്ടിടം വിപുലീകരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

ബഹു. സർക്കാർ മുന്നോട്ടുവച്ചിട്ടുള്ള ജലജീവൻ മിഷൻ പദ്ധതി നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കുന്നതോടെ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പൂർണ്ണമായും പരിഹരിക്കുന്നതിന് നമുക്ക് സാധിക്കും. ലൈഫ് ഭവന പദ്ധതി പ്രകാരം നമ്മുടെ പഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും വീട് ലഭ്യമാക്കുന്നതിനും ഭൂരഹിത ഭവന രഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ കുടുംബങ്ങൾക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിനുമുള്ള പദ്ധതി നാം തയ്യാറാക്കിയിട്ടുണ്ട്.

ഒരു പ്രദേശത്തിൻറെ വളർച്ചയ്ക്ക് ടൂറിസം പദ്ധതികൾ വളരെയേറെ പ്രയോജനപ്രദമാണ്. ബഹു സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി പ്രകാരം ചക്കുപള്ളം വണ്ടന്മേട് പഞ്ചായത്തുകൾ സംയുക്തമായി റവന്യൂ വകുപ്പിൻറെ കൈവശത്തിലുള്ള കുരുവിക്കാട്ടുപാറ പ്രദേശം ടൂറിസ്റ്റ് കേന്ദ്രമായി ഉയർത്തുന്നതുൾപ്പെടെയുള്ള പദ്ധതികൾ തയ്യാറാക്കി വരുന്നു.

ചക്കുപള്ളം ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യവരുമാനം കൃഷിയും കൃഷിയും അനുബന്ധമേഖലയായ കന്നുകാലി വളർത്തലുമാണ്. ആയതിനാൽ നമ്മുടെ വികസനഫണ്ടിൻറെ 30 ശതമാനത്തിലധികം തുക കർഷകർക്ക് പ്രയോജനപ്രദമായ പദ്ധതികൾക്കായി നാം മാറ്റിവച്ചിട്ടുണ്ട്. നെൽകൃഷി പ്രോത്സാഹനം ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, കാലിത്തീറ്റവിതരണം, കർഷകർക്ക് വളങ്ങൾ വിതരണം തുടങ്ങിയ പദ്ധതികൾ ഈ സാമ്പത്തിക വർഷവും നാം ഏറ്റെടുത്തിട്ടുണ്ട്.സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി പദ്ധതികൾ നടപ്പിലാക്കിവരുന്നു, അങ്കണവാടികളുടെ അടിസ്ഥാന സൌകര്യം മെച്ചപ്പെടുത്തൽ. എട്ടാം മൈൽ അങ്കണവാടി കെട്ടിടം നിർമ്മാണം, പി എച്ച് സി സബ് സെൻറുകളുടെ അറ്റകുറ്റപ്പണി, അലോപ്പതി, ഹോമിയോ ആയുർവ്വേദ, മരുന്നു വിതരണം തുടങ്ങിയ പദ്ധതികൾ നാം വാർഷിക പദ്ധതിയുടെ ഭാഗമാക്കിയിട്ടുള്ളതാണ്.

നമ്മുടെ പഞ്ചായത്തിലെ ഗതാഗത സൌകര്യം മെച്ചപ്പെടുത്തുന്നതിൻറെ ഭാഗമായി വിവിധ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായും മൺറോഡുകളുടെ നവീകരണത്തിനായും തുകവകയിരുത്തിയിട്ടുള്ളതാണ്. 2026-27 വാർഷിക പദ്ധതി സമഗ്ര മേഖലയിലും പുരോഗതി കൈവരിക്കുന്നതിനുതകുന്ന തരത്തിൽ ആവിഷ്കരിക്കേണ്ടത് ഇന്നത്തെ കാലഘട്ടത്തിന് ആവശ്യമാണ്. കോവിഡ് 19 മഹാമാരിയും മഹാപ്രളയവും നമുക്ക് നല്കിയ പാഠങ്ങൾ ഉൾക്കൊണ്ടുവേണം നാം പദ്ധതികൾ ആവിഷ്കരിക്കേണ്ടത്. തൊഴിൽ മേഖലകൾ സൃഷ്ടിക്കുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കുക, ജനങ്ങളുടെ ജീവിത നിലവാരം വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ നടപ്പിലാക്കുക, കാർഷിക മേഖലയിൽതന്നെ കൂടുതൽ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ സൃഷ്ടിക്കുക, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുക, കുടിവെള്ള ക്ഷാമം പരിഹരിക്കുക, ഗതാഗത സൌകര്യം എന്നിവ മെച്ചപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങളിലൂന്നിക്കൊണ്ട് വ്യക്തമായ കരുതലോടും കൃത്യതയോടും കൂടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്.

വിവിധങ്ങളായ സാഹചര്യങ്ങളിൽ ജീവിക്കുന്ന സാധാരക്കാരയ ജനങ്ങളെ മുന്നിൽ കണ്ടുകോണ്ടും ഗ്രാമപഞ്ചായത്ത് പ്രദേശത്താകമാനം വ്യക്തമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും 2026-27 വാർഷിക പദ്ധതിയ്ക്ക് സാധ്യമാകും എന്ന് സംശയമില്ല. വാർഷിക പദ്ധതിയിലെ നിർദ്ദേശങ്ങൾ ഗ്രാമസഭയിലെ ചർച്ചകൾക്കും നിർദ്ദശങ്ങൾക്കും അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയതാണെങ്കിലും കൂടുതൽ നിർദ്ദേശങ്ങൾക്കും ചർച്ചകൾക്കുമായി ഈ പരിഷ്കരിച്ച അന്തിമ പദ്ധതി രേഖ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം
റെജിമോൾ ഷിബി
പ്രസിഡൻറ്
ചക്കുപള്ളം ഗ്രാമപഞ്ചായത്ത്

**പ്രസിഡൻറ്** : **ശ്രീമതി. റെജിമോൾ ഷിബി**
**വൈസ് പ്രസിഡൻറ്** : **ശ്രീ. എബ്രഹാം ചാക്കോ**
**സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ** : ശ്രീമതി. ശോഭാ പി ആർ,**വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ**

: **ശ്രീ. ജൈമോൻ ഡൊമിനിക്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ**
: **ശ്രീമതി. ജയമോൾ ജി, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ**

**അംഗങ്ങൾ :**
: **ശ്രീ. രാജേഷ് ആർ**
: **ശ്രീമതി. ജമീല കനി**
:**ശ്രീമതി. ആശാ സുകുമാർ**
: **ശ്രീ. മാത്യു തോമസ്**
: **ശ്രീമതി. ഷീബ ജോർജ്ജ്**
: **ശ്രീമതി. അശ്വതി കെ എ**
: **ശ്രീ. ബിനു ജോർജ്ജ് വട്ടോത്ത്**
: **ശ്രീ. ഷാൻ ജോസഫ്**
: **ശ്രീ. പ്രദീപ്**
: **ശ്രീ. മനോജ് തമ്പി**
: **ശ്രീമതി. റോസമ്മ വർഗ്ഗീസ്**

സെക്രട്ടറി :ശ്രീ. ജെസ്മൽ ജലാൽ
ജില്ലാ പഞ്ചായത്ത് അംഗങ്ങൾ
:ശ്രീമതി. ആൻസി ജെയിംസ്
ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ
: ശ്രീ .ബാലസിംഗ്
: ശ്രീമതി. ഷൈനി റോയി
:ശ്രീ. അപ്പുക്കുട്ടൻ പി കെ

# പ്രവർത്തന കമ്മറ്റി അംഗങ്ങൾ

| ക്രമ നം | പ്രവർത്തന കമ്മറ്റിയുടെ പേര് | കൺവീനർ | ചെയർമാൻ |
|---|---|---|---|
| 1 | കണക്കുകൾ, രേഖകൾ തയ്യാറാക്കൽ , ജനസേവനം കാര്യക്ഷമമാക്കൽ | സെക്രട്ടറി | ശ്രീ. എബ്രഹാം ചാക്കോ |
| 2 | കൃഷിയും അനുബന്ധമേഖലകളും | കൃഷി ഓഫീസർ | ശ്രീ. മാത്യു തോമസ് |
| 3 | മൃഗസംരക്ഷണം, ക്ഷീരവികസനം | വെറ്റിനറി സർജൻ | ശ്രീമതി. ഷീബാ ജോർജ്ജ് |
| 4 | ചെറുകിട വ്യവസായം,പ്രാദേശിക സാമ്പത്തിക വികസനം | വി.ഇ.ഒ | ശ്രീ. മനോജ് തമ്പി |
| 5 | പൊതുമരാമത്ത് | അസിസ്റ്റൻറ് എഞ്ചിനീയർ, LID&EW | ശ്രീമതി. ശോഭാ പി ആർ |
| 6 | ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ) | വി.ഇ.ഒ | ശ്രീ. ഷാൻ ജോസഫ് |
| 7 | സാമൂഹ്യ ക്ഷേമം | ICDS സൂപ്പർവൈസർ | ശ്രീ. ജൈമോൻ ഡൊമിനിക് |
| 8 | ആരോഗ്യം | മെഡിക്കൽ ഓഫീസർ | ശ്രീ.ജയമോൾ സാബു |
| 9 | കുടിവെള്ളം, ശുചിത്വം | അസിസ്റ്റൻറ് എഞ്ചിനീയർLID&EW | ശ്രീ.ബിനു ജോർജ്ജ് |
| 10 | വിദ്യാഭ്യാസം-സംസ്കാരം, കല-കായിക വികസനം, യുവജനക്ഷേമം | ഹെഡ്മാസ്റ്റർ | ശ്രീമതി. അശ്വതി കെ എ |

| | | | |
|---|---|---|---|
| 11 | പട്ടികജാതി പട്ടികവർഗ്ഗ വികസനം | അസിസ്റ്റൻറ് സെക്രട്ടറി | ശ്രീ. രാജേഷ് ആർ |
| 12 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | ICDS സൂപ്പർവൈസർ | ശ്രീമതി. ആശാ സുകുമാരൻ |
| 13 | ദുരന്തനിവാരണം ജൈവവൈവിദ്ധ്യം,പരിസ്ഥിതി സംരക്ഷണം | സെക്രട്ടറി | ശ്രീമതി. റെജിമോൾ ഷിബി |

# പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | ചക്കുപള്ളം ഗ്രാമപഞ്ചായത്ത് |
| പഞ്ചായത്ത് രൂപീകരിച്ച വർഷം | : | 1977 |
| വില്ലേജുകൾ | : | 1. ചക്കുപള്ളം വില്ലേജ് |
| | : | 2. ആനവിലാസം വില്ലേജ് |
| | : | 3. അണക്കര വില്ലേജ് |
| ബ്ലോക്ക് | : | കട്ടപ്പന |
| താലൂക്ക് | : | ഉടുംമ്പൻചോല |
| ജില്ല | : | ഇടുക്കി |
| **ലോക് സഭാ മണ്ഡലം** | | ഇടുക്കി |
| **അസംബ്ലി മണ്ഡലം** | | പീരുമേട് |
| വിസ്തീർണ്ണം | : | 41.71 ച കി മീ |
| അതിരുകൾ | | |
| വടക്ക് | : | വണ്ടന്മേട് ഗ്രാമപഞ്ചായത്ത് |
| കിഴക്ക് | : | തമിഴ് നാട് |
| തെക്ക് | : | കുമളി ഗ്രാമപഞ്ചായത്ത് |
| പടിഞ്ഞാറ് | : | അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് |
| ജനസംഖ്യ | : | 22380 ( 2011 ലെ സെൻസസ്) |
| **പുരുഷന്മാർ** | : | 11100 |
| സ്ത്രീകൾ | : | 11190 |
| **സാക്ഷരത** | : | 94% |
| വാർഡുകൾ | : | 16 |
| പട്ടികജാതി | : | 2613 |
| പട്ടികവർഗ്ഗം | : | 443 |
| **സാക്ഷരത കൈവരിച്ചവർ** | : | 20619 |

# അദ്ധ്യായം 1

# ചക്കുപള്ളം ഗ്രാമപഞ്ചായത്ത്- സാമൂഹിക സാംസ്കാരിക സാമ്പത്തിക സ്ഥിതി

## ചരിത്ര പശ്ചാത്തലം

ഇടുക്കി ജില്ലയിലെ തമിഴ്നാടുമായി അതിർത്തി പങ്കിടുന്നതും ഉടുംമ്പൻചോല താലൂക്കിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്നതും ചക്കുപള്ളം ആനവിലാസം അണക്കര വില്ലേജുകളിൽ ഉൾപ്പെടുന്ന മലയോര ഗ്രാമമാണ് ചക്കുപള്ളം ഗ്രാമപഞ്ചായത്ത്. 41.71 ച. കി.മീറ്റർ വിസ്തൃതിയിൽ പരന്നുകിടക്കുന്ന ചക്കുപള്ളം ഗ്രാമപഞ്ചായത്തിൻറ കിഴക്ക് തമിഴ് നാടുമായും പടിഞ്ഞാറ് അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തുമായും, തെക്ക് കുമളി ഗ്രാമപഞ്ചായത്തുമായും വടക്ക് വണ്ടന്മേട് ഗ്രാമപഞ്ചായത്തുമായും അതിർത്തി പങ്കിടുന്നു.

രണ്ടാം ലോകമഹായുദ്ധകാലത്ത് കേരളത്തിൽ പട്ടിണി വ്യാപകമായ സമയത്താണ് ഹൈറേഞ്ചിലേയ്ക്ക് കുടിയേറ്റം ആരംഭിച്ചത് . യുദ്ധവും സ്വാതന്ത്ര്യ സമരവും വരുത്തി വച്ച കഷ്ടപ്പാടുകളും കൊടും പട്ടിണിയും വർദ്ധിച്ച സാഹചര്യത്തിൽ 1947 കാലഘട്ടത്തിൽ കൊച്ചിരാജാവായിരുന്ന ഇക്കണ്ട വാര്യർ ഈ കുടിയേറ്റത്തെ പ്രോത്സാഹിപ്പിച്ചു. പട്ടിണിയ്ക്ക് അറുതിവരുത്തുന്നതിനായി തിരു-കൊച്ചി സംസ്ഥാനത്ത് നടപ്പിലാക്കിയ "ഗ്രോ മോർ ഫുഡ്" പദ്ധതിയുടെ ചെയർമാനായിരുന്നു അദ്ദേഹം. ഈ പദ്ധതി പ്രകാരം 5 ഏക്കർ ഭൂമി വീതം കർഷകർക്ക് പതിച്ചു നല്കുകയും കുത്തകപ്പാട്ട വ്യവസ്ഥയിലൂടെ കർഷകർക്ക് ഭൂമി അനുവദിക്കുകയും ചെയ്തു.

1950 കാലഘട്ടങ്ങളിൽ ഹൈറേഞ്ചിൽ ഭൂരിഭാഗം ജനങ്ങളും തമിഴ് വംശത്തിൽപ്പെട്ട തോട്ടം തൊഴിലാളികളായിരുന്നു. അക്കാലഘട്ടത്തിൽ തിരുകൊച്ചി സംസ്ഥാനത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ പട്ടം താണുപിള്ള ഇക്കാര്യം ശ്രദ്ധിക്കുകയും ആയതിനെക്കുറിച്ച് പഠിക്കുന്നതിന് ശ്രീ ഫസൽ അലി ചെയർമാനായ ഒരു കമ്മീഷനെ നിയമിക്കുകയും കമ്മീഷൻറെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ഹൈറേഞ്ചിൽ തമിഴ് വംശജരാണ് കൂടുതലുള്ളത് എന്നതിനാൽ ടി പ്രദേശങ്ങൾ തമിഴ്നാടിനോട് കൂട്ടി ചേർക്കുന്നതിന് സാദ്ധ്യതയുണ്ടെന്ന കണ്ടെത്തുകയും ചെയ്തു. ഹൈറേഞ്ചിലേയ്ക്കുള്ള കുടിയേറ്റം പ്രോത്സാഹിപ്പിക്കുന്നതിന് ഇതും ഒരു കാരണമായി പറയപ്പെടുന്നു. സ്വന്തമായി ഒരുപിടി മണ്ണ് എന്ന സ്വപ്നവുമായി ഇവിടെ വന്ന പലരും അന്നത്തെ ഇവിടുത്തെ സ്ഥിതിയിൽ ഭയന്ന് പിന്തിരിഞ്ഞു എന്നുള്ളത് വാസ്തവമാണ്. വന്യമൃഗങ്ങളുടെ ആക്രമണം, അതി ശൈത്യം, ഭക്ഷ്യദൌർലഭ്യം, രോഗങ്ങൾ, സാമ്പത്തിക പരാധീനത എന്നിവയെല്ലാം അന്നത്തെ തലമുറ അഭിമുഖീകരിച്ച പ്രശ്നങ്ങളാണ്. ഈ പ്രശ്നങ്ങളെല്ലാം ഒറ്റക്കെട്ടായി നേരിടുകയും ഭരണാധികാരികളിൽ നിന്നും അധികാരികളിൽ നിന്നും അവകാശങ്ങളും ആനുകൂല്യങ്ങളും നേടിയെടുക്കുന്നതിന്

കൈയ്യും മെയ്യും മറന്ന് ഒരുമയോടെ പോരാടിയ ഒരു തലമുറയുടെ നേട്ടങ്ങളാണ് ഇന്ന് നാം കാണുന്നതെല്ലാം.

## സാമ്പത്തികാവസ്ഥ

ചക്കുപള്ളം ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കൃഷിയും കാർഷിക മേഖലയുമായി ബന്ധപ്പെട്ട തൊഴിലിലും ഏർപ്പെട്ട് ഉപജീവന മാർഗ്ഗം കണ്ടെത്തുന്നവരാണ്. പഞ്ചായത്തിൻറെ സാമ്പത്തിക പുരോഗതി കൃഷിയെ ആശ്രയിച്ചിരിക്കുന്നു എന്നു പറയാം. ഏലം, കുരുമുളക്, കാപ്പി തുടങ്ങിയ വിവിധ ഇനം വിളകളാണ് ഇവിടെയുള്ള കർഷകർ പൂർണ്ണമായും ആശ്രയിക്കുന്നത്. അതോടോപ്പം തന്നെ പഞ്ചായത്തിൻ ചില പ്രദേശങ്ങളിൽ നെൽകൃഷിയും ചെയ്തുവരുന്നു. കാർഷിക മേഖല ഉപജീവന മാർഗ്ഗമായി സ്വീകരിച്ച ഭൂരിഭാഗംപേരും കന്നുകാലിവളർത്തലിൽ ഏർപ്പെടുന്നവരാണ്. പഞ്ചായത്തിലെ ഭൂരിഭാഗം കർഷകരും ചെറുകിട നാമമാത്ര കർഷകരാണ്. ഇടുക്കി ജില്ലയിലെ തന്നെ പാലുൽപാദനത്തിൽ മുൻപന്തിയിൽ നിൽകുന്ന പഞ്ചായത്തുകളിൽ ഒന്നാണ് ചക്കുപള്ളം ഗ്രാമപഞ്ചായത്ത്. കാർഷിക വിളകളുടെ വിലത്തകർച്ചയും വർദ്ധിച്ചു വരുന്ന ഉത്പാദന ചെലവും തൊഴിലാളി ക്ഷാമവും മൂലം കർഷകർ വളരെയേറെ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. അതോടൊപ്പം തന്നെ കാലാവസ്ഥയിലുണ്ടായ വ്യതിയാനം മൂലം ഇന്ന് പല കൃഷികളും ഉപേക്ഷിക്കേണ്ട അവസ്ഥയിലാണ്. വർദ്ധിച്ചുവരുന്ന താപവും മഴയിലുണ്ടാകുന്ന ഏറ്റകുറച്ചിലും മൂലം കർഷകർ നട്ടം തിരിയുന്നു. കാർഷിക വിളകളുടെ വിലസ്ഥിരതയില്ലായ്മ കർഷകരെ വലിയ പ്രതിസന്ധിയിലാക്കുന്നു.

കാർഷക മേഖല ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് നാം തന്നെ പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു. ഇടനിലക്കാരില്ലാതെ തന്നെ കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ നേരിട്ട് വിപണിയിൽ എത്തിക്കുന്നതിനുള്ള ഒരു കേന്ദ്രം പഞ്ചായത്ത് തലത്തിൽ രൂപീകൃതമാകേണ്ടതുണ്ട്. ഈ ലക്ഷ്യത്തോടെ ചക്കുപള്ളം കേന്ദ്രീകരിച്ച് ഒരു മാർക്കറ്റ് ആരംഭിച്ചിരുന്നുവെങ്കിലും അതിൻറെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിന് സാധിച്ചില്ലെന്നു വേണം പറയാൻ. അതോടൊപ്പം തന്നെ നമ്മുടെ കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്ന അമിതമായ കീടനാശിനികളുടെ പ്രയോഗം മൂലം നമുക്ക് സ്വന്തമായിരുന്ന ഏലയ്ക്ക ഇന്ന് അന്താരാഷ്ട്ര മാർക്കറ്റിൽ നിന്നും പുറന്തള്ളപ്പെടുന്നു. ഇതിന് പരിഹാരം കണേണ്ടതുണ്ട്. കർഷക സംഘങ്ങളുടെയും കാർഷക കൂട്ടായ്മകളുടെയും നേതൃത്വത്തിൽ ജൈവവളങ്ങളും ജൈവകീടനാശിനികളും ഉപയോഗിക്കേണ്ടതിൻറെ ആവശ്യകത കർഷകരെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്. ആയതിനായി നമ്മുടെ കൃഷി ഭവനുകളുടെ നേതൃത്വത്തിൽ മണ്ണ്പരിശോധന നടത്തി ഓരോ കൃഷിയിടങ്ങളിലും ഏതുതരത്തിലുള്ള വളപ്രയോഗങ്ങളാണ് നടത്തേണ്ടതെന്നുള്ള കൃത്യമായ ഡേറ്റാബാങ്ക് തയ്യാറാക്കുകയും അതിനനുസരിച്ചുള്ള ജൈവവളങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനും പഞ്ചായത്ത് തലത്തിൽ പദ്ധതി നടപ്പിലാക്കേണ്ടതുണ്ട്.

കൂടാതെ നമ്മുടെ കൃഷിയിടങ്ങളിൽ സുലഭമായുള്ള ഏലം കുരുമുളക്, കാപ്പി, ഇഞ്ചി, മഞ്ഞൾ, വാഴ, മാവ്, പ്ലാവ് തുടങ്ങിയവയിൽ നിന്നും മൂല്യ വർദ്ധിത

ഉത്പന്നങ്ങൾ സൃഷ്ടിക്കുന്നതിനും അവ വിപണിയിൽ എത്തിക്കുന്നതിനുമുള്ള പരിശീലനം പഞ്ചായത്ത് തലത്തിൽ നല്കേണ്ടതുണ്ട്. കൂടാതെ സ്വയംതൊഴിൽ പദ്ധതിയെന്ന നിലയിൽ ഇത്തരം മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമിക്കുന്ന തൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും അവയ്ക്ക് സബ്സിഡി അനുവദിയ്ക്കുകയും ചെയ്യേണ്ടതുണ്ട്. കൂടാതെ ക്ഷീരമേഖലയിൽ നിന്നും പാൽ തൈര് എന്നിവ ഉപയോഗിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്. കാലാവസ്ഥയിലുണ്ടായിട്ടുള്ള വ്യതിയാനം മൂലം നമ്മുടെ ഭൂരിഭാഗം നെൽപാടങ്ങളും തരിശായികിടക്കുകയാണ്. ഇത്തരം തരിശുഭൂമികൾ ഏറ്റെടുത്ത് തീറ്റപുൽകൃഷി മത്സ്യകൃഷി കിഴങ്ങു വിളകൃഷി തുടങ്ങിയവയ്ക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. ഇത്തരം തരിശുഭൂമിയിൽ കൃഷി നടത്തുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ ധനസഹായം അനുവദിയ്ക്കാവുന്നതാണ്.

കാർഷിക മേഖലയോടൊപ്പംതന്നെ വ്യാവസായിക സംരംഭങ്ങൾ, ചെറുകിട സംരംഭങ്ങൾ എന്നിവയെയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. കൂടാതെ ധാരാളം പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഒരു മേഖലയാണ് ടൂറിസം മേഖല. ടൂറിസം രംഗത്ത് അനന്തസാദ്ധ്യതയുള്ള ഇക്കാലത്ത് ചക്കുപള്ളം ഗ്രാമപഞ്ചായത്തിലെ അരുവിക്കുഴി, ചെല്ലാർകോവിൽമെട്ട്, ഒട്ടകത്തലമേട്, വലിയപാറ, പാണ്ടിക്കുഴി എന്നിവ ജില്ലാ ടൂറിസം പ്രമോഷൻ കൌൺസിലിൻറെ സഹായത്തോടെ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇത്തരം കേന്ദ്രങ്ങളിലേയ്ക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിൻറെ ഭാഗമായി അടിസ്ഥാന സൌകര്യ വികസനം ഉൾപ്പെടെയുള്ള നടപ്പിലാക്കേണ്ടതുണ്ട്.

## അദ്ധ്യായം 2 –നടപ്പ് വാർഷിക പദ്ധതി അവലോകനം

2025–26 സാമ്പത്തിക വർഷം ചക്കുപള്ളം ഗ്രാമപഞ്ചായത്തിൽ പ്ലാൻഫണ്ട് സാധാരണവിഹിതമായി 18222000/– രൂപയും എസ് സി പി ഫണ്ടിനത്തിൽ 6071000/– രൂപയും റ്റി എസ് പി ഫണ്ടിനത്തിൽ 1054000/– രൂപയും സി എഫ് സി ഗ്രാൻറിനത്തിൽ 14267806/– രൂപയും ബഡ്ജറ്റ് വിഹിതമായി ലഭിച്ചിരുന്നു. കൂടാതെ മെയിൻറനൻസ് ഗ്രാൻറ് റോഡിനത്തിൽ 15316000/– രൂപയും നോൺറോഡിനത്തിൽ 7442000/– രൂപയും ലഭിച്ചു.

വികസന ഫണ്ടിൻറെ 30 ശതമാനത്തിലധികം വരുന്ന തുകയുപയോഗിച്ച് കാർഷിക മേഖലയിലും മൃഗസംരക്ഷണ മേഖലയിലും പരമാവധി ഉൽപാദനശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്വേപ്പിന് . പിണ്ണാക്ക് വിതരണം, കറവപ്പശുക്കൾക്ക് കാലിത്തീറ്റ, സ്ഥിരംകൃഷിയ്ക്ക് ധനസഹായം, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നെൽകൃഷിയ്ക്ക് കൂലിച്ചെലവ് സബ് സിഡി, ചെടിച്ചട്ടിയും പോട്ടിംഗ് മിശ്രിതവും വിതരണം എന്നിവ നടപ്പിലാക്കിയ പ്രധാന പദ്ധതികളാണ് .

പഞ്ചായത്തിന്റെ മാലിന്യ നിർമ്മാർജ്ജന പ്രക്രീയയിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ ശേഖരിച്ച് ചിറ്റാംമ്പാറയിലെ എം ആർ എഫ് സെൻററിൽ എത്തിക്കുകയും അവിടെനിന്നും വേർതിരിച്ച അജൈവമാലിന്യങ്ങൾ ക്ലീൻ കേരള ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് കൈമാറുന്നതുവഴി പ്രതിമാസം 25000/– രൂപയിലധികം ലഭിക്കുന്നു. കൂടാതെ വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും യൂസർഫീസ് ശേഖരിയ്ക്കുന്നു. കൂടാതെ വ്യാപര സ്ഥാപനങ്ങളിൽ നിന്നുള്ള ജൈവമാലിന്യങ്ങൾ ചിറ്റാം പാറ മാലിന്യ സംസ്കരണ പ്ലാൻറിലെത്തിച്ച് ജൈവവളമാക്കി മാറ്റുന്നു.

കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി ജലജീവൻ മിഷൻ പദ്ധതിപ്രകാരം എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കിണർ ശുചീകരണം കിണർ റീചാർജിങ് എന്നിവയ്ക്ക് പഞ്ചായത്ത് മുന്തിയ പരിഗണന നൽകുന്നു. കൂടാതെ കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാൻറ് ഉപയോഗിച്ച് അൻപത് ലക്ഷത്തിൽപരം രൂപയുടെ വിവിധ കുടിവെള്ള പദ്ധതികൾ പഞ്ചായത്തിൻറെ വിവിധ പ്രദേശങ്ങളിലായി പൂർത്തീകരിച്ചു വരുന്നു. കൂടാതെ കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാൻറ് ഉപയോഗിച്ച് 20 ലക്ഷത്തിൽപരം രൂപയുടെ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പഞ്ചായത്തിലെ ആറാം മൈലിലുള്ള പകൽ വീട് സായംപ്രഭ കേന്ദ്രമായി ഉയർത്തി മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നു. സായംപ്രഭയിലുള്ള കെയർടേക്കർക്ക് വേതനം സായം പ്രഭയിലെത്തുന്നവർക്ക് ഉച്ചഭക്ഷണം,

യോഗാപരിശീലനം തുടങ്ങിയ പദ്ധതികൾ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.

പട്ടികജാതി പട്ടിക വർഗത്തിൽപ്പെട്ടവർക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഉദയഗിരിമേട് കമ്യൂണിറ്റി ഹാൾ നിർമ്മാണം, എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, തുടങ്ങി വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. 2026-27 സാമ്പത്തിക വർഷം 13 ഓളം എസ് സി കുടുബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൂടാതെ നാളിതുവരെ 117 കുടുംബങ്ങൾക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം വീട് അനുവദിയ്ക്കുന്നതിന് സാധിച്ചു

മെയിൻറനൻസ് ഗ്രാൻറ് റോഡ് ഫണ്ട് കേന്ദ്ര ധനകാര്യകമ്മീഷൻ അടിസ്ഥാന വിഹിതം ഉപയോഗിച്ചും പഞ്ചായത്തിലെ വിവിധ ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികളും കോൺക്രീറ്റിംഗ് റീ ടാറിംഗ് തുടങ്ങിയ പ്രവൃത്തികളും പൂർത്തീകരിച്ചു വരുന്നു. ചിറ്റാംപാറയിലെ എം സി എഫ് കെട്ടിടം വിപുലീകരിക്കുന്നതിനായി ശുചിത്വമിഷൻറെ സഹായത്തോടെ വിപുലീകരിക്കുന്നതിനുള്ള പദ്ധതി ഈ സാമ്പത്തിക വർഷം തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ചിറ്റാംപാറയിലെ ലെഗസ്സി വേയ്സ്റ്റ് നീക്കം ചെയ്യുന്നതിനായി ശുചിത്വമിഷനിൽ നിന്നും തുക അനുവദിച്ചിട്ടുള്ളതും പ്രസ്തുത തുകയ്ക്ക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുള്ളതുമാണ്.

## 2025-26 വാർഷിക പദ്ധതി പുരോഗതി

| ഫണ്ടിനം | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ച തുക | ചെലവ് ശതമാനം | പെൻഡിംഗ് ബില്ലുകൾ | പെൻഡിംഗ് ബിൽ ഉൾപ്പെടെ ആകെ ചെലവഴിച്ച തുക | പെൻഡിംഗ് ബിൽ ഉൾപ്പെടെ ആകെ ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 18222000 | 9277123 | 50.17 | 480000 | 9757123 | 54.5 |
| എസ് സി പി | 6071000 | 2676640 | 44.17 | 200000 | 2876640 | 47.3 |
| റ്റി എസ് പി | 1054000 | 70000 | 6.6 | 100000 | 170000 | 6.2 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 14267806 | 1832716 | 36.6 | 849050 | 2681766 | 18.7 |
| | | | | | | |
| | | | | | | |
| **മെയിൻറനൻസ്** ഫണ്ട് റോഡ് | 15316000 | 4755511 | 27% | 2328500 | 7084011 | 40 % |
| നോൺ റോഡ് | 7442000 | 3574485 | 40 % | 200000 | 3774485 | 43% |
| | 22758000 | 8329996 | 36 % | 2528500 | 10858496 | 47 % |

## അദ്ധ്യായം 3

## പ്രശ്ന വിശകലനങ്ങളും പരിഹാര സാദ്ധ്യതകളും

ചക്കുപള്ളം ഗ്രാമപഞ്ചായത്തിലെ വിവിധ മേഖലകളിലുള്ള സമഗ്രമായ വികസനമാണ് പതിനാലാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നത്. പരമാവധി ജന പങ്കാളിത്തത്തോടെ ജനക്ഷേമകരമായ വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും പഞ്ചായത്ത് ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്. കാർഷിക മേഖലയുടെയും, ക്ഷീരവികസനമേഖലയുടെയും വികസനം, സ്വയംതൊഴിൽ പ്രോത്സാഹനം, വനിതാ ശിശുവികസനം, ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ വികസനം, അടിസ്ഥാന സൌകര്യവികസനം തുടങ്ങി പഞ്ചായത്തിൻറെ എല്ലാ മേഖലകളിലും വികസനം എത്തിക്കുന്നതിനുള്ള വിവിധ പദ്ധതികളാണ് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ആവിഷ്കരിച്ചിട്ടുണ്ട്.

ചക്കുപള്ളം ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കൃഷിയും കാർഷിക അനുബന്ധ മേഖലയുമായി ബന്ധപ്പെട്ട വിവിധ മേഖലയെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. അതിനാൽ തന്നെ കാർഷിക മേഖലയിലുണ്ടാകുന്ന വിവിധ പ്രശ്നങ്ങൾ നമ്മുടെ പഞ്ചായത്തിൻറെ സാമ്പത്തികാവസ്ഥയെ സ്വാധീനിക്കുന്നു. ജനകീയാസൂത്രണ പദ്ധതി ആരംഭിച്ച് 25 വർഷങ്ങൾ പൂർത്തീകരിക്കുന്ന ഈ കാലഘട്ടത്തിൽ മുൻകാല പദ്ധതികൾ വിലയിരുത്തുമ്പോൾ വ്യക്തിഗത ആനുകൂല്യങ്ങൾ ലഭ്യമാകുന്ന ആവർത്തന സ്വഭാവമുള്ള പദ്ധതികൾക്കപ്പുറം ഉത്പാദനക്ഷമവും തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുന്നതുമായ നൂതന പദ്ധതികൾ ഏറ്റെടുത്ത് വിജയിപ്പിക്കുന്നതിന് സാധിച്ചിട്ടില്ലെന്നു വിലയിരുത്താം. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ കാർഷിക മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തുന്നതിനുതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുതകുന്നതുമായ പദ്ധതികൾക്കാണ് ഊന്നൽ നല്കുന്നത്.

# അദ്ധ്യായം 4

## വികസന കാഴ്ചപ്പാട് ,ലക്ഷ്യങ്ങൾ, വികസന തന്ത്രം

ചക്കുപള്ളം ഗ്രാമപഞ്ചായത്ത് ഒരു കാർഷിക ഗ്രാമപഞ്ചായത്താണ് . ടൂറിസം സാധ്യതകളും ഈ .സുഗന്ധ വിള കൃഷിക്ക് പേരുകേട്ട പ്രദേശമാണ് പഞ്ചായത്തിൽ ഉണ്ട് സാമ്പത്തിക വികസന മേഖലയിൽ . പദ്ധതി കാലത്ത് ചില പ്രവർത്തനങ്ങൾ നടന്നുവെങ്കിലും കാര്യമായ പുരോഗതി കൈവരിച്ചില്ല . പഞ്ചായത്ത് അതിൽത്തിക്കകത്ത് പ്രവർത്തിക്കുന്ന പൊതുമേഖല ബാങ്കുകൾ ആയ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ശാഖ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ശാഖ ചക്കുവെള്ളം ആനവിലാസം സർവീസ് സഹകരണ ബാങ്കുകൾ ജില്ലാ സഹകരണ ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങൾ സാമ്പത്തിക വികസനരംഗത്ത് നിരവധി നിക്ഷേപങ്ങൾ നടത്തിയിട്ടുണ്ട് .

സാമൂഹ്യസുരക്ഷ ലക്ഷ്യമാക്കി ലൈഫ് പദ്ധതിസ്ഥലമില്ലാത്ത – , സ്ഥലവും വീടുംഎല്ലാവർക്കുംവീടില്ലാത്തവർക്ക് മാനദണ്ഡങ്ങൾ വിധേയമായി നടപ്പാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച നടപ്പിലാക്കിവരുന്നു ദാരിദ്ര്യ നിർമ്മാർജ്ജനവും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുന്നതിന് പതിനാലാം പദ്ധതിക്കാലത്ത് തുടങ്ങി വച്ച പ്രധാനപ്രവർത്തനം ഭവനരഹിതരായ ആളുകളുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിനുള്ള പദ്ധതികളാണ്സാമൂഹ്യ . ക്കരണ സെമിനാറുകളും മസുരക്ഷ ഉറപ്പാക്കുന്നതിന് ബോധവൽറ്റം ഈ കാലയളവിൽ നടത്തേണ്ടതാണ്. കുടുംബശ്രീ അയൽക്കൂട്ടങ്ങളും എ ഡി എസ്സും , നത്തിനുള്ള പദ്ധതികൾർജ്ജസി ഡി എസ്സും ശക്തിപ്പെടുത്തിയും ദാരിദ്ര്യ നിർമ്മാ യോ ഒന്നുംജാതി സ്പർദ്ധ ,സാമൂഹ്യ ഉച്ചനീചത്യങ്ങളോ .ആവിഷ്കരിച്ചിട്ടുണ്ട് പ്രദേശമാണ് ചക്കുപള്ളം ഗ്രാമപഞ്ചായത്ത് . പരസ്പര സഹിഷ്ണുതയും ഈ നാടിന്റെ മുഖമുദ്രയാണ്.

പഞ്ചായത്ത് നേരിട്ട് നടത്തിയ പദ്ധതി പ്രകാരം വീടുകളും ഐ എ വൈ 988 ലെ പദ്ധതിക്കാലത്ത് പണി തളി ന വീടുകളും തീർന്ന് 100 പദ്ധതിപ്രകാരം. തീർന്നിട്ടുണ്ട് കുടുംബശ്രീയുമായി സഹകരിച്ച് കൂടുതൽ പേരെ ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തുംനത്തിനും ർജകമേഖലയ്ക്കും ദാരിദ്ര്യ നിർമ്മാകർഷ . വിദ്യാഭ്യാസം എന്നീ , ഹരിതം , ആർദ്രം ,യും ലൈഫ്നുക്കം നൽകിമുൻ ശ്രദ്ധ കേ മേഖലകളിൽന്ദ്രീകരിച്ചും സാമൂഹ്യനീതിയും സമത്യവും ഉറപ്പിച്ച് പഞ്ചായത്തിന്റെ സമഗ്രവികസനമാണ് ലക്ഷ്യം വയ്ക്കുന്നത്.

സമസ്ത മേഖലകളുടേയും സുസ്ഥിര വികസനം ലക്ഷ്യമാക്കിയാണ് ചക്കുപള്ളം ഗ്രാമപഞ്ചായത്തിൽ 14–ാാം പഞ്ചവത്സര പദ്ധതിക്കാലത്ത് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. ശുചിത്വ മാലിന്യ സംസ്കരണ മേഖലയിലും സ്വയംതൊഴിൽ പദ്ധതികളിലും കൂടുതൽ പ്രാധാന്യം നല്കുന്നതിനാണ് പഞ്ചായത്ത് മുൻഗണന നല്കുന്നത് . ചിറ്റാപാറപ്രദേശത്തെ ലെഗസ്സി മാലിന്യങ്ങൾ നീക്കം ചെയ്ത് വിപുലമായ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക്

പഞ്ചായത്ത് തുടക്കം കുറിച്ചു. ടി പ്രദേശത്ത് നിലവിൽ പ്രവർത്തിക്കുന്ന ജൈവമാലിന്യം സംസ്കരണ യൂണിറ്റിൽ നിന്നും ഉത്പാദിപ്പിക്കപ്പെടുന്ന ജൈവവളം വരും നാളുകളിൽ കർഷകരുടെ ആവശ്യത്തിന് ലഭ്യമാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നു.

അതോടൊപ്പം തന്നെ ഭവനരഹിതരും ഭൂരഹിതരുമായ മുഴുവൻ വ്യക്തികൾക്കും സ്വന്തമായി വീടെന്ന സ്വപ്നം ഈ പഞ്ചവത്സര പദ്ധതി കാലയളവിൽ പൂർത്തീകരിക്കും. എല്ലാവർക്കും തൊഴിൽ എല്ലാവർക്കും വരുമാനം എന്ന ലക്ഷ്യം മുൻ നിർത്തി ചെറുകിട തൊഴിൽ സംരംഭങ്ങൾക്കും, വ്യാവസായിക യൂണിറ്റുകൾക്കും പ്രാധാന്യം നല്കും. എല്ലാ വീടുകളിലും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുക എന്ന ഉദ്യേശത്തോടെ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതി ഈ പഞ്ചവത്സര പദ്ധതി കാലത്തു തന്നെ പൂർത്തീകരിക്കും.

പശ്ചാത്തല മേഖലക്ക് ഊന്നൽ നൽകിക്കൊണ്ട് ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ പരമാവധി ശ്രമിക്കുന്നുണ്ട്. സുതാര്യമായും,കാര്യക്ഷമമായും പഞ്ചായത്ത് ഭരണ നിർവ്വഹണം നടത്തുകയും, സമൂഹത്തിൽ അവശത അനുഭവിക്കുന്നവർ, വൃദ്ധർ, വികലാംഗർ എന്നിവർക്കായി കാര്യക്ഷമമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക വനിതകൾ,കുട്ടികൾ, മുതലായവർക്ക് ക്ഷേമകരമായ പദ്ധതികളിലൂടെ സർവ്വവിധ ജനവിഭാഗങ്ങളേയും സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്ന നയം കൈക്കൊള്ളുന്നതാണ്. വാതിൽപടി സേവന പദ്ധതി അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി എന്നിവയിലൂടെ സമൂഹത്തലെ ഏറ്റവും അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് സേവനം ലഭ്യമാക്കും.

ഗ്രാമപഞ്ചായത്തിലെ പ്രധാന നിരത്തുകളിൽ ഹൈമാസ് ലൈറ്റുകൾ സ്ഥാപിക്കുക, പട്ടികജാതി,പട്ടികവർഗ്ഗ കോളനികളിലേക്കും, കോളനികൾക്കുള്ളിലുമുള്ള റോഡുകൾ നിർമ്മിക്കുക എന്നതിലൂടെ അടിസ്ഥാന സൗകര്യങ്ങൾ സുസ്ഥിരമായി നിലനിർത്തുന്നതാണ്. വനിതകളെ സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി ഉത്പന്ന വിപണന കേന്ദ്രം ഉൾപ്പടെ കുടുംബശ്രീ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾക്ക് മുൻതൂക്കം നൽകും.

ടൂറിസം വികസനം സാധ്യമാക്കുന്നതിനായി ഇൻഫർമേഷൻ സെൻറർ സ്ഥാപിച്ച് ടൂറിസത്തിൻറെ സാധ്യതകൾക്ക് കൂടുതൽ ഊന്നൽ നൽകും. ആർജ്ജിക്കുന്ന ആസ്തികൾ പുതുക്കിയും അറ്റകുറ്റപ്പണികൾ നടത്തിയും സുസ്ഥിര വികസനത്തിന് ജനപങ്കാളിത്തത്തോടെ സുതാര്യമായും കാര്യക്ഷമമായും പ്രവർത്തിക്കും.

14–ാം പഞ്ചവത്സരപദ്ധതിക്കാലത്ത് ചക്കുപള്ളം ഗ്രാമപഞ്ചായത്ത് പ്രത്യേക ഊന്നൽ നല്കുന്നത് താഴെപ്പറയുന്ന സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുകയെന്നുള്ളതാണ്.

- തുല്യതയും ഗുണനിലവാരവുമുള്ള വിദ്യാഭ്യാസം
- ദാരിദ്ര്യ രഹിതവും മെച്ചപ്പെട്ട ജീവിതനിലവാരവും
- ശുചിത്വഗ്രാമം

- ശുദ്ധമായ കുടിവെള്ളം
- തൊഴിൽ–വരുമാന–അതിജീവനപദ്ധതി
- സ്ത്രീ സൌഹൃത വില്ലേജ്
- അടിസ്ഥാന സൌകര്യവികസനവും മെച്ചപ്പെട്ട ഗതാഗത സൌകര്യങ്ങളും
- ശിശുസൌഹൃദ ഗ്രാമം

ഇത്തരം മേഖലകളുടെ ഒരു ദീർഘകാലവികസനതന്ത്രം രൂപപ്പെടുത്തുന്നതിനാണ് പഞ്ചായത്ത് ശ്രമിക്കുന്നത്. 2030 ആകുമ്പോഴേയ്ക്കും നമ്മുടെ നിലവിലുള്ള പ്രശ്നങ്ങൾ പരമാവധി പരിഹരിക്കുവാൻ സാധിക്കണം.

ഹരിത കേരള മിഷൻറെ പ്രവർത്തനങ്ങളെ പഞ്ചായത്ത് പദ്ധതികളുമായി കൂട്ടിയിണക്കി ജൈവ പച്ചക്കറി ഭക്ഷ്യവിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും മണ്ണ്–ജല സംരക്ഷണപ്രവർത്തനങ്ങളിലൂടെ കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും പ്രാഥമിക ആരോഗ്യപരിപാലനത്തിന് സംസ്ഥാനസർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള ആർദ്രം പദ്ധതിയുടെ സഹായത്താൽ നമ്മുടെ പ്രാഥമികാരോഗ്യകേന്ദ്രത്തെ സമ്പൂർണ്ണ കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റുന്നതിനും ഈ പദ്ധതിക്കാലത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കുക എന്നതാണ് വികസനതന്ത്രം.

# അദ്ധ്യായം 5
## വിഭവസ്രോതസ്സുകളും വകയിരുത്തലുകളും
### 2026–27 വാർഷിക പദ്ധതിയിലേയ്ക്കുള്ള വിഭവസ്രോതസ്സുകളും വകയിരുത്തലുകളും

| ക്രമ നം | *വിഭവസ്രോതസ്സുകൾ* | | ആകെ ലഭിച്ച തുക |
|---|---|---|---|
| 1 | വികസനഫണ്ട് | ജനറൽ | 25841120 |
| | | എസ് സി പി | 6091000 |
| | | റ്റി എസ് പി | 1192880 |
| 2 | കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാൻറ് | അടിസ്ഥാന വിഹിതം | 0 |
| | | പ്രത്യേക ഉദ്ദേശ ഗ്രാൻറ് | 0 |
| | ആകെ വികസന ഫണ്ട് | | **33125000** |
| 3 | മെയിൻറനൻസ് ഫണ്ട് | റോഡ് | 17284000 |
| | | നോൺ റോഡ് | 7864000 |
| | ആകെ മെയിൻറനൻസ് ഫണ്ട് | | **25148000** |
| | ആകെ തുക | | **58273000** |

### മേഖലാ വകയിരുത്തലുകൾ

| മേഖലാ വിഭജനം | | വകയിരുത്തേണ്ട കുറഞ്ഞ തുക |
|---|---|---|
| ലൈഫ് ഭവനപദ്ധതി(ജനറൽ) | വികസന ഫണ്ട് ജനറൽവിഹിതത്തിൻറെ 20% | 5168224 |
| ലൈഫ് ഭവനപദ്ധതി(എസ്.സി പി) | വികസന ഫണ്ട് എസ്.സി പി ഹിതത്തിൻറെ 20% | 1218200 |
| ലൈഫ് ഭവനപദ്ധതി(റ്റി എസ് പി) | വികസന ഫണ്ട് റ്റി എസ് പിഹിതത്തിൻറെ 20% | 197000 |
| ഉത്പാദന മേഖല (കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം സ്വയംതൊഴിൽ സംരംഭങ്ങൾ,) | വികസന ഫണ്ട് ജനറൽവിഹിതത്തിൻറെ 30% (ലൈഫ് ഭവനപദ്ധതിയ്ക്ക് വകയിരുത്തിയ 20 % കിഴിച്ചുള്ള തുക) | 6201869 |

| | | |
|---|---|---|
| വനിതാഘടക പദ്ധതി | വികസന ഫണ്ട് ജനറൽ, എസ് സി പി, റ്റി എസ് പി എന്നിവയുടെ 10% (ലൈഫ് ഭവനപദ്ധതിയ്ക്ക് വകയിരുത്തിയ 20 % കിഴിച്ചുള്ള തുക) | 2795678 |
| കുട്ടികൾ ഭിന്നശേഷിയുള്ളവർ | വികസന ഫണ്ട് ജനറൽ, എസ് സി പി, റ്റി എസ് പി എന്നിവയുടെ 5%(ലൈഫ് ഭവനപദ്ധതിയ്ക്ക് വകയിരുത്തിയ 20 % കിഴിച്ചുള്ള തുക) | 1397839 |
| വയോജനങ്ങൾ, പാലിയേറ്റീവ് | വികസന ഫണ്ട് ജനറൽ, എസ് സി പി, റ്റി എസ് പി എന്നിവയുടെ 5%(ലൈഫ് ഭവനപദ്ധതിയ്ക്ക് വകയിരുത്തിയ 20 % കിഴിച്ചുള്ള തുക) | 1397839 |
| ശുചിത്വം മാലിന്യസംസ്കരണം | സി എഫ് സി ടൈഡ് ഗ്രാൻറിൻറെ 50% തുക | 0 |
| കുടിവെള്ളം | സി എഫ് സി ടൈഡ് ഗ്രാൻറിൻറെ 50% തുക | 0 |